LIBRARY ARCHIVES Kerala Legislative Assembly

അഞ്ചരക്കണ്ടി-പെരളശ്ശേരി ശുദ്ധജലവിതരണ പദ്ധതി

167(867) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിനെ അഞ്ചരക്കണ്ടി-പെരളശ്ശേരി ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ (ഫയൽ നമ്പർ KWA/HO/WN1/KNR/92/2011) കേരള ജല അതോറിറ്റി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

നിവേദനത്തിലൂടെ ആവശ്യപ്പെട്ടതനുസരിച്ച് കീഴല്ലൂർ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലും നിലവിൽ ജലവിതരണ ശൃംഖലയില്ലാത്ത പ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിന് അഞ്ചരക്കണ്ടി-പെരളശ്ശേരി പദ്ധതിയുടെ പനയത്താം പറമ്പിലുള്ള ജലസംഭരണിയിൽനിന്നും പ്രത്യേകം പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച സർവ്വേ പൂർത്തീകരിച്ച് വിശദമായ ഒരു എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

കയിലൂർ വളവ്-പഴശ്ശി അണക്കെട്ട് റോഡ് നിർമ്മാണം

168(868) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കയിലൂർവളവ് - പഴശ്ശി അണക്കെട്ട് റോഡ് നിർമ്മാണത്തിന് കനാൽ റോഡ് നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകണമെന്ന നിവേദനത്തിൻമേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2015-16 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിക്ക് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.